

# മറിയമാകട്ടെ ഇവയെല്ലാം ഹൃദയത്തിൽ സംഗ്രഹിച്ച് ഗാഢമായി ചിന്തിച്ചുകൊണ്ടിരുന്നു

ലൂക്ക 2:19

## വിചിന്തനം

“സുവിശേഷത്തിന്റെ സന്തോഷം” എന്ന അപ്പോസ്തോലിക പ്രബോധനരേഖയിൽ ഫ്രാൻസിസ് മാർപാപ്പാ പങ്കുവെക്കുന്ന ഒരു സുപ്രധാന കാര്യമാണ് സഭയുടെ ലോക സുവിശേഷവൽക്കരണ ദൗത്യത്തിന് ഒരു “മരിയൻ” ശൈലികൂടിയുണ്ട് എന്നത് (#288). ക്രിസ്തുമസ്സും പുതുവത്സരവും നമ്മെ പുൽകുന്ന ഈ അനുഗ്രഹീത സമയത്ത് സുവിശേഷവൽക്കരണത്തിലെ ഈ മരിയൻ ശൈലിയെക്കുറിച്ചു ചിന്തിക്കുന്നതു നല്ലതായിരിക്കും. മൂന്നു പ്രധാന കാര്യങ്ങളാണ് ഇവിടെ പ്രസക്തമാകുന്നത്.

മിതഭാഷണത്തിലൂടെയുള്ള സുവിശേഷവൽക്കരണമാണ് ആദ്യത്തേത്. സുവിശേഷത്തിലുടനീളം നാം കണ്ടുമുട്ടുക മിതഭാഷിണിയായ മാതാവിനെയാണ്. നിശബ്ദതയുടെ മാധുര്യത്തിൽ, പരിമിതമായ വാക്കുകളിൽ അവൾ നമ്മുടെ ഹൃദയങ്ങളോട് സുന്ദരമായി സംവദിക്കുന്നു. മംഗളവാർത്ത, എലിസബത്തുമായുള്ള കൂടിക്കാഴ്ച്ച, യേശുവിന്റെ ജനനം, കാനായിലെ വിവാഹം, കുരിശുമരണം, സഭ ജന്മംകൊണ്ട പന്തക്കുസ്താദിനം തുടങ്ങിയ എല്ലാ സുപ്രധാന സംഭവങ്ങളിലും പരിശുദ്ധ മാതാവിന്റെ നിറസാന്നിധ്യമുണ്ടെങ്കിലും അവൾ ഒരിടത്തും അധികം സംസാരിക്കുന്നതായി നാം കാണുന്നില്ല. മാതാവിന്റെ സുവിശേഷവൽക്കരണം എല്ലായിപ്പോഴും ആർദ്രതയോടും അനുകമ്പയോടുംകൂടി പരിമിതമായ വാക്കുകളിലായിരുന്നു. അമ്മയുടെ ഈ മാതൃക എത്രയോ അനുകരണീയമാണ്.

സുവിശേഷം പ്രഘോഷിക്കുക എന്ന് കേൾക്കുമ്പോൾ സംസാരവും സംവാദവുമാണ് നമ്മുടെ മനസ്സിലേക്ക് ആദ്യം കടന്നുവരുക. സംസാരത്തിനു അതിന്റേതായ സ്ഥാനമുണ്ടെങ്കിലും ഒരുവനോടൊപ്പമായിരുന്നുകൊണ്ട് ക്ഷമയോടെ അവനെ കേൾക്കുകയെന്നത് സുവിശേഷവൽക്കരണത്തിന്റെ സുന്ദരമായ മാർഗ്ഗമാണ്. “എപ്പോഴും പ്രഘോഷിക്കുക, വാക്കുകൾ ആവശ്യമെങ്കിൽ മാത്രം ഉപയോഗിക്കുക” എന്ന ഫ്രാൻസിസ് അസ്സീസ്സിയുടേതായി കരുതപ്പെടുന്ന വാക്കുകളിൽ നിറഞ്ഞുനില്ക്കുന്നതും ഈ മരിയൻ ശൈലിതന്നെയാണ്.

രണ്ടാമത്തെ പ്രധാന കാര്യമാണ് നിശബ്ദതയിൽ മാതാവാനുഭവിച്ച സ്വസ്ഥത. ദൈവത്തിന്റെ നിറസാന്നിദ്ധ്യം മാതാവിനെ നിശബ്ദതയിലാഴ്ത്തുന്നു. അവളുടേത് പ്രകടനത്തിന്റെ സുവിശേഷവത്കരണമല്ലായിരുന്നു മറിച്ച് ആത്മസാന്നിധ്യത്തിലൂടെ ഉരുത്തിരിഞ്ഞ ഒരു ദൈവവേലയായിരുന്നു. മാതാവിന്റെ പ്രാർത്ഥനാനിർഭരമായ നിശ്ശബ്ദതയെക്കുറിച്ചു പ്രതിപാദിക്കുന്ന സുവിശേഷഭാഗം നമുക്ക് പരിചിതമാണല്ലോ. “മറിയമാകട്ടെ ഇവയെല്ലാം ഹൃദയത്തില് സംഗ്രഹിച്ച് ഗാഢമായി ചിന്തിച്ചുകൊണ്ടിരുന്നു.” (ലൂക്ക 2:19). നമുക്കും ദൈവീക സാന്നിധ്യമനുഭവിച്ചുകൊണ്ട് നിശബ്ദതയിൽ സ്വസ്ഥതയാനുഭവിക്കുന്നരാകാം. വിശുദ്ധ ബെനഡിക്റ്റ് ഇങ്ങനെ പഠിപ്പിക്കുന്നു – “യേശുവിനെ പൂർണ്ണമായി പിഞ്ചെല്ലുവാൻ ആഗ്രഹിക്കുന്നവർ ഹൃദയം കൊണ്ട് ശ്രവിക്കുന്നവരാകണം.”

മരിയൻ ശൈലികൊണ്ടുദ്ദേശിക്കുന്ന മൂന്നാമത്തെ കാര്യം വിഷമമനുഭവിക്കുന്നവരുടെ ആവശ്യങ്ങൾ അടുത്തറിയാൻ കെല്പുള്ള ഒരു ഹൃദയം നമുക്കുണ്ടാവണം എന്നതാണ്. അപരന്റെ ബുദ്ധിമുട്ടുകളിൽ അവനോടൊപ്പമായിരുന്നുകൊണ്ട് അവന്റെ അല്ലലകറ്റുവാൻ ആവുന്നത് ചെയ്യുവാൻ തയ്യാറുള്ള ഒരു ഹൃദയം! സഹാനുഭാവവും അനുകമ്പയും നിറഞ്ഞ ഹൃദയം ദൈവസാന്നിധ്യത്തിന്റെ അടയാളമാണ്. എലിസബത്തിനെ ശുശ്രൂഷിക്കാൻ തിടുക്കത്തിൽ പുറപ്പെടുമ്പോഴും, കാനായിലെ വിവാഹവിരുന്നിലെ കുറവ് പരിഹരിക്കുമ്പോഴും മാതൃഹൃദയത്തിൽ നാം കാണുന്നത് ഈ ശൈലിയാണ്.

ആർദ്രതയും കോമളതയും സമന്വയിക്കുന്ന, അപരന്റെ ആവശ്യങ്ങളെ തൊട്ടറിയുന്ന ദൈവമാതാവിന്റെ പ്രാർത്ഥനനിർഭരമായ നിശബ്ദതയെ നമുക്കും ആശ്ലേഷിക്കാം. അങ്ങനെ നമ്മുടെ ജീവിതങ്ങളും മറ്റുള്ളവർക്ക് അനുഭവവേദ്യമാകുംവിധം ദൈവത്തിന്റെ സ്നേഹസാന്നിധ്യമായി മാറട്ടെ.

വിശുദ്ധ മൊഴി

സുവിശേഷവൽക്കരണത്തിന് ജീവിതസാക്ഷ്യത്തെക്കാൾ ഫലപ്രദമായൊരു ആയുധം വേറെയില്ല. പ്രബോധനങ്ങളുടെ സാധുതയെക്കുറിച്ചു ആളുകൾ തർക്കിച്ചേക്കാം പക്ഷെ ജീവിതസാക്ഷ്യം തർക്കത്തിനതീതമാണ്. – വിശുദ്ധ ഫ്രാൻസിസ് സേവ്യർ.

Archbishop Christopher Prowse - *Archdiocese of Canberra, Australia*